# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 6

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ്/അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മെയ് 2019 പരീക്ഷയുടെ മെയ് ആറ്, ഏഴ്, എട്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ബ്രാഞ്ച് IX സ്റ്റാറ്റിസ്റ്റിക്സ് അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഷയങ്ങളിലുള്ള പരീക്ഷകൾ യഥാക്രമം മെയ് 27, 29, 31 തീയതികളിൽ നടത്തുന്നതിന് പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകളുടെ തീയതി, സമയം, പരീക്ഷ കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/815/2019)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക് ഡിഗ്രി ഇൻ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2017 അഡ്മിഷൻ റഗുലർ/2014 മുതൽ അഡ്മിഷൻ സപ്ലിമെന്ററി) ജനവരി 2019 പരീക്ഷയുടെ പ്രാക്ടിക്കൽ മെയ് 14ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/816/2019)

## പരീക്ഷ ഫലം

2018 ഡിസംബറിൽ ഡോ. കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സോഷ്യൽ സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/817/2019)

## കല്പിത സർവകലാശാലകൾ ഭീഷണി;

## സ്വാശ്രയ കോളേജ് മാനേജർമാർ

കേരളത്തിൽ പുതുതായി എത്തിയ കല്പിത സർവകലാശാലകൾ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ വലിയ ഭീഷണി ഉയർത്തുന്നതായി സ്വാശ്രയ കോളേജ് മാനേജർമാർ. പി.ജി., യു.ജി. പ്രവേശനം, പരീക്ഷകൾ, കോഴ്സ് നടത്തിപ്പ് ഉടങ്ങിയവയുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാല വിളിച്ചുചേർത്ത അഫിലിയേറ്റ് സ്വാശ്രയ കോളേജുകളുടെ മാനേജർമാരുടെ യോഗത്തിലാണ് കല്പിത സർവകലാശാലകൾക്കെതിരെ രൂക്ഷവിമർശനമുയർന്നത്.

മറ്റു സർവകലാശാലകൾ മിനിമം യോഗ്യതയുടെ മാർക്കിൽ നിബന്ധനകൾ വച്ച് പി.ജി. പ്രവേശനം നടത്തുമ്പോൾ കല്പിത സർവകലാശാലകൾ മാനദണ്ഡങ്ങളൊന്നുമില്ലാതെ പ്രവേശനം നടത്തുകയാണെന്ന് മാനേജർമാരുടെ സംഘടനാ നേതാക്കളടക്കം ആരോപിച്ചു.

പ്രോഗ്രാമുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ അക്കാദമിക കലണ്ടർ കൃത്യമായി പാലിക്കാൻ പ്രിൻസിപ്പൽമാരുമായി ചേർന്ന് നടപടി സ്വീകരിക്കണമെന്ന് യോഗം ഉദ്ഘാടനം ചെയ്ത വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എം.തോമസ് പറഞ്ഞു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗങ്ങളായ ഡോ. പി.കെ. പത്മകുമാർ, ഡോ. എ. ജോസ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. ആർ. അനിത, പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ എന്നിവർ പ്രസംഗിച്ചു.

# ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജ് മാനേജർമാരുടെ യോഗം അസംബ്ലി ഹാളിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എം. തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/818/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ